# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2560 19.03.2015-ൽ മറുപടിക്ക്

## വിദേശരാജ്യങ്ങളുടെ സഹായത്തോടുകൂടി ജലവിതരണ പദ്ധതികൾ

| ചോദ്യം<br>ശ്രീ.റ്റി.യു. കുരുവിള : | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങൾ തരം തിരിച്ച് വിദേശരാജ്യങ്ങളുടെ സഹായധനത്തോടുകൂടി മാതൃക ജലവിതരണ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | എ) കേരള വാട്ടർ അതോറിറ്റിയും ജലനിധിയും വിദേശസഹായത്തോടെ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) നിലവിലുള്ള കുടിവെള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് പ്രത്യേക മോണിറ്ററിംഗ് സംവിധാനം നടപ്പാക്കുമോ? | ബി) കുടിവെള്ള പദ്ധതികൾ നിശ്ചിത സമയത്ത് പൂർത്തീകരിക്കുന്നതിന് ഓരോ ഓഫീസിലും കൃത്യമായ നിർ ദ്ദേശങ്ങൾ നൽകുകയും പ്രവൃത്തികൾ പൂർത്തീ കരിക്കുന്നതിന് സമയനിഷ്ഠ പാലിക്ക കയും (ടാർജറ്റ് നിശ്ചയി ക്കുകയും) പദ്ധതികളുടെ പ്രവർത്തന പുരോഗതികൾ വിലയിരുത്തുന്നതിനായി അവലോകന യോഗങ്ങൾ നടത്തുകയും കൂടാതെ പദ്ധതി പ്രവർത്തനത്തിന് തടസ്സങ്ങൾ നേരിടുമ്പോൾ അവ പരിഹരിക്കാൻ ബന്ധപ്പെട്ട ഗ്രാമപഞ്ചാ യത്തുകൾ മറ്റ് ഇതര വകുപ്പുകളുമായി സഹകരിച്ച് നടപടികൾ എടുത്തു വരുകയും ചെയ്യുന്നു. |

പദ്ധതികളുടെ ചില പ്രത്യേക ഘട്ടങ്ങളിൽ പുരോഗതി വിലയിരുത്തുന്നതിന് മന്ത്രി തലത്തിലും ഉദ്യോഗസ്ഥ തലത്തിലും യോഗങ്ങൾ നടത്തിവരുന്നു. മോണിറ്ററിംഗിനായി വകുപ്പ് തലത്തിലും സർക്കാർ തലത്തിലും ജനപ്രതിനിധികൾ ഉൾപ്പെടുന്ന കമ്മിറ്റി തലത്തിലും യോഗങ്ങൾ നടത്തി പ്രശ്നങ്ങൾ പരിഹരിച്ചു വരുന്നു.

കൂടാതെ പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കുവാൻ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ ഓഫീസർമാരുടെ തലത്തിൽ വീഡിയോ കോൺഫറൻസുകൾ സംഘടിപ്പിച്ച് ഓരോ തലത്തിലെയും വിവിധ പ്രശ്നങ്ങൾ അപ്പപ്പോൾ പരിഹരിക്കുന്നു. ഇത് കൂടാതെ പദ്ധതികൾ മോണിട്ടർ ചെയ്യാൻ പാസ്ക് (PASK) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ